പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 46 — 10.12.2012-ലെ മറുപടിക്ക്

**ഭൂകമ്പമാപിനി പുന:സ്ഥാപിക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നിരന്തരമായി നടക്കുന്ന ഭൂകമ്പങ്ങളുടെ പ്രഭവ കേന്ദ്രമെന്ന് സ്ഥിരീകരിക്കപ്പെട്ട ചേലക്കര മണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിൽ സ്ഥാപിച്ചിരുന്ന ഭൂകമ്പമാപിനി മാറ്റിക്കൊ ണ്ടുപോകുകയും അത് പുന:സ്ഥാപിക്കാമെന്ന് നിയമസഭയിൽ ഉറപ്പ് നൽകുകയും ചെയ്തിരുന്ന കാര്യം ശ്രദ്ധയിലുണ്ടോ ; | (എ) ദേശമംഗലത്തും സമീപ പ്രദേശങ്ങളിലും ഉണ്ടാകുന്ന ഭൂകമ്പങ്ങളെ നിരീക്ഷിക്കുവാനായി ഒരു പോർട്ടബിൾ (കൊണ്ടുനടക്കാവുന്ന) ഭൂകമ്പമാപിനി അവിടെ താൽക്കാലികമായി സ്ഥാപിച്ചിരുന്നു. എന്നാൽ 1999-മാണ്ടിൽ പീച്ചിയിലെ വനഗവേഷന കേന്ദ്രത്തിൽ നൂതനമായ ഭൂകമ്പനിരീക്ഷണ കേന്ദ്രം സ്ഥാപിച്ച തിനെ തുടർന്ന് ഈ ഉപകരണം ദേശമംഗലത്ത് നിന്നും മാറ്റുകയുണ്ടായി. അതിസൂക്ഷ്മമായ ഭൂകമ്പങ്ങളെയും രേഖപ്പെടുത്തുവാൻ കഴിവുള്ളതാണ് പീച്ചിയിലെ ഈ കേന്ദ്രം. അതിനാലാണ് ശേഷികുറഞ്ഞ പോർട്ടബിൾ ഭൂകമ്പമാപിനി മാറ്റിയത്. |
| (ബി) എങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (ബി) & (സി) മേൽ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് ഭൂകമ്പമാപിനി പുന:സ്ഥാപിക്കേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല. ഭൂകമ്പ ദുരന്ത നിവാരണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ മുന്നോട്ട് വയ്ക്കാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ ദൗത്യത്തിന്റെ ഭാഗമായിട്ടാണ് ഈ സമിതി രൂപീകരിച്ചത്. നിരവധി തവണ ഈ സമിതി കൂടുകയും ഭേദഗതി വരുത്തേണ്ടതായ ചട്ടങ്ങളുടെ ക്രോഡീകരണം നടത്തി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) എത്രയും വേഗം ഭൂകമ്പമാപിനി പുന:സ്ഥാപിക്കുവാനും വിശദമായ പഠനങ്ങളെ തുടർന്ന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ മുൻകരുതൽ നടപടികളും നടപ്പിലാക്കുവാനും നിർദ്ദേശം നൽകുമോ ? | |

സെക്ഷൻ ഓഫീസർ